(5) കൊല്ലം മുതിരപ്പറമ്പ് ബോട്ട് സർവ്വീസ്

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, വർഷങ്ങളായി സർവ്വീസ് നടത്തിക്കൊണ്ടിരുന്ന കൊല്ലം മുതിരപ്പറമ്പ് ബോട്ട് സർവ്വീസ് കഴിഞ്ഞ കുറെ നാളുകളായി റിപ്പയറിംഗിന്റെ പേരിൽ കട്ടപ്പുറത്തിരിക്കുകയാണ്. ഇതുമൂലം പ്രാദേശികവാസികളായ കുട്ടികളും ജീവനക്കാരും മറ്റു പൊതുജനങ്ങളടക്കമുള്ളവർ വളരെയേറെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അനുഭവിക്കുകയാണ്. കൊല്ലം കടവിടവരെ നീട്ടി ഈ സർവ്വീസ് പുനഃരാരംഭിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണ പിള്ള): സർ, ഈ സർവ്വീസ് നിർത്തിയത് 2001 ആദ്യമാണ്. മുമ്പ് അവിടത്തെ ആളുകൾക്ക് മറ്റ് യാത്രാസൗകര്യങ്ങളൊന്നും ഇല്ലായിരുന്നു. യാത്രാ സൗകര്യം ഇല്ലാത്ത കാലത്ത് തുടങ്ങിയതാണ് ഈ സർവ്വീസ്. ഇപ്പോൾ ഈ സർവ്വീസിന്റെ ആവശ്യമില്ല. കുട്ടനാട്ടുപോലും ധാരാളം ഷട്ടിൽ സർവ്വീസുകളാണുള്ളത്. ഡയറക്ട് സർവ്വീസ് ആവശ്യമില്ല. എറണാകുളം ബോൾഗാട്ടി പാലത്തിന്റെ പണി തീർന്നു കഴിഞ്ഞാൽ ഇവിടത്തെ സർവ്വീസ് നിൽക്കുകയാണ്. മട്ടാഞ്ചേരിയിൽ അതിന്റെ ആവശ്യം വരുന്നില്ല. ഇവിടെ ധാരാളം ബസ്സുകൾ ഉണ്ട്. ബോട്ടിൽ ആളുകൾ കയറുന്നില്ല. നമുക്ക് കാണാൻ വേണ്ടി ഒരു ബോട്ടു സർവ്വീസ് അനുവദിച്ചുകൊടുക്കുവാൻ കഴിയില്ല. ഇതുമൂലം ഒരു ദിവസം ഏതാണ്ട് പതിനായിരം രൂപയുടെ നഷ്ടം വരും. അതിന്റെ ആവശ്യമില്ല. അതുകൊണ്ട് നിർബന്ധം പിടിക്കരുത്. ആവശ്യമുള്ള സ്ഥലത്ത് ബോട്ടുതരാം. ഈ ബോട്ട് രണ്ടുമൂന്ന് വർഷങ്ങൾക്കു മുമ്പ് നിർത്തിയതാണ് ഇതിന്റെ ആവശ്യമില്ല.

(6) ഐലന്റ് എക്സ്പ്രസ് ട്രെയിനിന്റെ സമയം റീ-ഷെഡ്യൂൾ ചെയ്യണമെന്ന ആവശ്യം

ശ്രീമതി മേഴ്സി രവി: സർ, കേരളത്തിൽ നിന്ന് ബാംഗ്ലൂരിലേക്ക് പോകുന്ന ഏക ട്രെയിനാണ് ഐലന്റ് എക്സ്പ്രസ്. ധാരാളം മോഡണൈസേഷൻ കാര്യങ്ങൾ സതേൺ റെയിൽവേ ചെയ്തെങ്കിൽ പോലും ഇന്നും പുരോഗതി ഇല്ലാത്ത ഒരു ട്രെയിനാണിത്. ഈ ട്രെയിനിന്റെ ട്രാവലിംഗ് ടൈം 19 മണിക്കൂറാണ്. അതേ സമയം ഒരു ബസ് തിരുവനന്തപുരത്തു നിന്നാണെങ്കിലും എറണാകുളത്തു നിന്നാണെങ്കിലും കോഴിക്കോട് നിന്നാണെങ്കിലും ബാംഗ്ലൂരിലേക്ക് ഓടി എത്തുന്നത് 11 മണിക്കൂർ കൊണ്ടാണ്. ഈ ട്രെയിൻ രാവിലെ 9 മണിക്ക് തിരുവനന്തപുരത്തു നിന്ന് പുറപ്പെട്ടാൽ അടുത്ത ദിവസം വെളുപ്പിന് 5 മണിക്ക് ബാംഗ്ലൂരിലെത്തും. പലപ്പോഴും സമയത്തിനുമുമ്പാണ് എത്തുന്നത്. ഈ ട്രെയിനിൽ യാത്ര ചെയ്യുന്നത് കൂടുതലും വിദ്യാർത്ഥികളാണ്. പലപ്പോഴും റെയിൽവേ സ്റ്റേഷനിൽ വന്നിട്ട് നേരം വെളുക്കുവാൻ കാത്തിരിക്കുന്ന അവസ്ഥയുണ്ട്. ഇതിന്റെ സെക്കന്റ് ക്ലാസ്സ് ടിക്കറ്റ് 30 രൂപയാണ്. 11 മണിക്കൂർ യാത്ര ചെയ്യുന്ന ബസ് ചാർജ് 600 രൂപയാണ്. ഇരട്ടി തുക ആവശ്യമാണ്. ഈ ട്രെയിൻ റീ-ഷെഡ്യൂൾ ചെയ്യുകയാണെങ്കിൽ കൊള്ളാം. എന്റെ ഓർമ്മ ശരിയാണെങ്കിൽ 30 വർഷമായി ഒരു മാറ്റവുമില്ലാത്ത അവസ്ഥയിലാണ്. ഈ ട്രെയിനിന്റെ ഷെഡ്യൂൾ ഒന്ന് റീ-ഷെഡ്യൂൾ ചെയ്താൽ ഒരു പരിധിവരെ ഈ പ്രശ്നത്തിന്

LIBRARY ARCHIVES Kerala Legislative Assembly